# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1527** **13-06-2014 ൽ മറുപടിയ്ക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി മത്സ്യകൃഷിയുടെ സമഗ്രവികസനം

**ചോദ്യം**

ശ്രീ.എസ്.ശർമ്മ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി മത്സ്യകൃഷിയുടെ സമഗ്ര വികസനത്തിനായി രൂപം നൽകിയ ജൈവ-വൈപ്പിൻ പാക്കേജ് നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി മത്സ്യകൃഷിയുടെ സമഗ്ര വികസനത്തിനായി രൂപം നൽകിയ ജൈവ-വൈപ്പിൻ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച്, ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/04/2013, 08/05/2013, 30/04/2014, 07/05/2014 എന്നീ തീയതികളിൽ യോഗം ചേർന്ന് ചർച്ച നടത്തിയിട്ടുണ്ട്. പൊക്കാളി നില വികസന ഏജൻസി ശക്തിപ്പെടുത്തുന്നതിനായി 2013-2014 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 440 ഹെക്ടർ പൊക്കാളി നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നിരക്കിൽ 44 ലക്ഷം രൂപ നൽകുകയുണ്ടായി. ഇതിൽ 11.3456 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് 113.456 ഹെക്ടറിൽ കൃഷി നടപ്പിലാക്കി. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസന പദ്ധതി പ്രകാരം 13 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 130 ഹെക്ടറിൽ കൃഷി നടപ്പിലാക്കി. പൊക്കാളി നെല്ലിന്റെ ജൈവ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എൽ.ഡി.സി പ്രോജക്ട് എഞ്ചിനീയർ (നോർത്ത് പറവൂർ) പൊക്കാളി പ്രദേശത്തേയ്ക്കായി 63,12,29,000/- രൂപയുടെ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊക്കാളി പ്രദേശത്തേയ്ക്ക് അനുയോജ്യമായ കൊയ്ത്തുയന്ത്രത്തിന്റെ നിർമ്മാണം, പവർ ടില്ലറിന്റെ നിർമ്മാണം എന്നിവ കാംകോയിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് പ്രത്യേക അക്കൗണ്ട് ഹെഡ്, സ്പെഷ്യൽ ഓഫീസർ എന്നിവ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ? | (ബി) | ജൈവ വൈപ്പിൻ പദ്ധതിക്കായി പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ